# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2272

### 07-02-2019 ൽ മറുപടിക്ക്

### പൊതു വിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ ധനസഹായത്തോടെ കെട്ടിടങ്ങൾ

| ചോദ്യം<br>ശ്രീ. ആർ. രാമചന്ദ്രൻ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതു വിദ്യാലയങ്ങൾക്ക് കിഫ്ബിയുടെ ധനസഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ഏതെങ്കിലും പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിനുള്ള മാസ്റ്റർ പ്ലാൻ പരിശോധിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാം; വിശദീകരിക്കമോ; | പൊതു വിദ്യാലയങ്ങൾക്ക് കിഫ്ബി സഹായത്തോടെ കെട്ടിടങ്ങൾ നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ ഏജൻസിയായി Kerala Infrastructure & Technology for Education (KITE) എന്ന സ്ഥാപനത്തെയും വിശദമായി പദ്ധതി രേഖ തയ്യാറാക്കുന്നതിനായി KITCO എന്ന സ്ഥാപനത്തെയും പ്രോജക്ട് മോണിട്ടറിംഗ് സെൽ ആയി WAPCOS എന്ന സ്ഥാപനത്തെയും ആണ് സർക്കാർ നിയമിച്ചിട്ടുള്ളത്. |
| (ബി) നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് കിഫ്ബിയ്ക്ക് സംവിധാനമുണ്ടോ; വിശദീകരിക്കമോ; | കിഫ്ബി പദ്ധതികളിലെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ചീഫ് പ്രോജക്ട് എക്സാമിനറുടെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ അതോറിറ്റി (ടെക്നിക്കൽ) വിഭാഗം പ്രവർത്തിച്ചു വരുന്നു. പ്രസ്തുത വിഭാഗത്തിലെ ഉദ്യോഗസ്ഥർ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന പദ്ധതി പ്രദേശം സന്ദർശിച്ച് നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം അവയുടെ ഗുണനിലവാരം പരിശോധിക്കുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. പരിശോധനകൾക്കായി കിഫ്ബി വിവിധ നൂതന സാങ്കേതിക ഉപകരണങ്ങൾ ഉപയോഗിക്കുന്നതോടൊപ്പം സാമ്പിൾ പരിശോധനകൾക്ക് അംഗീകൃത സ്ഥാപനങ്ങളുടെ സേവനങ്ങളും പ്രയോജനപ്പെടുത്തി വരുന്നു. കണ്ടെത്തുന്ന പോരായ്മകളെ അടിസ്ഥാനപ്പെടുത്തി ബന്ധപ്പെട്ട എസ്.പി.വി കൾക്ക് ഒബ്സെർവേഷൻ മെമ്മോകൾ നൽകുകയും പ്രസ്തുത |

| | |
|---|---|
| | മെമ്മോകൾക്ക നൽകുന്ന മറുപടി നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള തുക അനുവദിക്കുമ്പോൾ ഒരു മാനദണ്ഡമായി പരിഗണിക്കുന്നുമുണ്ട്. |
| (സി) ക്ലാസ് നടത്തുന്നതിന് ഫിറ്റ്നെസ് ഉള്ള കെട്ടിടങ്ങൾ ഉൾപ്പെടെ നീക്കംചെയ്ത ശേഷം നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾമൂലം പല വിദ്യാലയങ്ങൾക്കുമുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ വേഗത്തിൽ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഫിറ്റ്നസ് ഉള്ള ബിൽഡിംഗ് ആണെങ്കിലും മാസ്റ്റർപ്ലാന് ഉതകുംവിധം പൊളിക്കേണ്ടി വന്നിട്ടുള്ള സ്ഥലങ്ങൾ ഉണ്ട്. ആയത് ബന്ധപ്പെട്ട വരുടെ അനുമതി പ്രകാരവും അറിവോടു കൂടിയും ആണ് പൊളിച്ചുമാറ്റിയത്. പൊതു വിദ്യാലയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നിശ്ചിത സമയ പരിധിക്കുള്ളിൽ (9 മാസക്കാലയളവിനുള്ളിൽ) പൂർത്തീകരിക്കാനായി ബന്ധപ്പെട്ട കോൺട്രാക്ടർമാരുമായി എസ്.പി.വി എഗ്രിമെന്റ് വെച്ചിട്ടുണ്ട്. സ്കൂളിലെ നിർമ്മാണ പ്രവർത്തനങ്ങൾ അടുത്ത അദ്ധ്യയനവർഷം തുടങ്ങുന്നതിനു മുൻപെ തീർക്കാനായി കൃത്യമായ ഇടവേളകളിൽ പണികളുടെ പുരോഗതി വിവിധതലങ്ങളിൽ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. |
| (ഡി) എങ്കിൽ നിശ്ചിത സമയപരിധിക്കുള്ളിൽ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | |

സെക്ഷൻ ഓഫീസർ